
ഞാൻ എഴുതീട്ടുള്ള
ഒന്നാം ലേഖനങ്ങൾ
K.M.Varghese

6.12.1952-ൽ
താഴെ കാണുന്ന
ലേഖനം എഴുതി
K.M.Varghese



1952 ഡിസംബർ 25 വ്യാഴം

സംഗീതസദസ്സിൽ സമാധിപൂണ്ട സർപ്പശ്രേഷ്ഠൻ

ചിത്രമെഴുത്തു കെ. എം. വറുഗീസ്

സംഗീതം സർപ്പത്തെ ആകർഷിക്കുമോ? സംഗീതത്തിൽ സർപ്പം ലയിക്കുമോ? ഈ ചോദ്യങ്ങൾക്കു് ഇല്ലെന്നു് ഉത്തരം പറവാൻ തയ്യാറുള്ള പലവിദ്വാന്മാരും ഇക്കാലത്തു് ധാരാളമുണ്ടാവും. ഉണ്ടെന്നു പറയുന്നവരുടെ സംഖ്യയും ഒട്ടും കുറവല്ല. സംഗീതം ജന്തുക്കളെ ആകർഷിക്കുമെന്നു് പക്ഷേ ആരും സമ്മതിക്കും. ആര്യന്മാരുടെ കാലത്തു് അവർ താളമേളങ്ങളോടുകൂടി സംഗീതാലാപം ചെയ്തു് മാൻകൂട്ടത്തെ സമീപത്തേക്കു ആകർഷിച്ചുവരുത്തി അമ്പെയ്തു കൊന്നുപോന്നതായി പുരാണകഥകൾ ഘോഷിക്കുന്നു. "മണിവേട്ട" എന്നു പറയുന്ന ഈ വിചിത്രവധസമ്പ്രദായം വടക്കെ ഇൻഡ്യയിലെ ചില കാട്ടുജാതിക്കാരുടെ ഇടയിൽ ഇന്നും നടപ്പിലിരിക്കുന്നതായി പറഞ്ഞുപോരുന്നു. ഗോകുലങ്ങൾ സംഗീതത്തിൽ ലയിച്ചിരുന്ന കഥ കൃഷ്ണഗാഥമുതലായ ഗ്രന്ഥങ്ങളിൽ വായിക്കുക മാത്രമല്ല നാം കണ്ടുതന്നെയും ബോധിച്ചിട്ടുള്ളതാണു്. പശുക്കളെ കറക്കുന്ന സമയം സംഗീതം തുടരെ കേൾപ്പിച്ചാൽ പാൽ കണക്കിലധികം ചുരത്തുന്നതാണെന്നു പരീക്ഷിച്ചറിഞ്ഞതിന്റെ ഫലമായി പശ്ചാത്യരാജ്യങ്ങളിലെ ക്ഷീരവ്യവസായകേന്ദ്രങ്ങളിൽ സംഗീതയന്ത്രങ്ങൾ മുറയ്ക്കു പ്രയോഗിച്ചുപോരുന്നു. ചൂണ്ടയിട്ടും അമ്പെയ്തും മത്സ്യവേട്ട നടത്തുന്നവർ പാട്ടുമിട്ടു് മത്സ്യങ്ങളെ നിർഭയരാക്കി ആകർഷിച്ചുട്ടപ്പിക്കുന്നതു്. പലരും കണ്ടിട്ടുള്ളതാണല്ലോ. വിവേകബുദ്ധിയില്ലാത്ത ചെറിയ കൈപ്പിള്ളകൾക്കൂടെയും സംഗീതശ്രവണമാത്രയിൽകരച്ചിലടക്കിനിഷ്പന്ദശരീരികളായിത്തീരുന്നതും നാം നിത്യേനകണ്ടുവരുന്നതാണു്. ചെവികളില്ലാതെ കേവലം കണ്ണുകൾ മാത്രമുള്ള സർപ്പങ്ങളെ സംഗീതം ആകർഷിക്കുമെന്നു പറയുന്നതു് ശരിതന്നെയാണോ? പാമ്പുകളുടെ നേത്രഗോളപാളികൾ ഒരു ഗ്രാമഫോണിന്റെ ശബ്ദഗ്രാഹിപെട്ടക(Sound Box) ത്തിനു് ശബ്ദത്തെ അഥവാ ചലനങ്ങളെ ക്ഷിപ്രവേഗത്തിൽ ഉൾക്കൊള്ളത്തക്ക ഒരു പ്രത്യേകസൃഷ്ടിവിശേഷമാകയാൽ ദർശനത്തോടൊപ്പംതന്നെ അവയ്ക്കു ശ്രവണവും അനുഭവഗോചരമായിത്തീരുന്നു. ഇങ്ങനെ കേവലമായ ചലനംകൊണ്ടു മുൻകൂട്ടിവിഷയഗ്രഹണം സാധിക്കുന്നതുകൊണ്ടാണു് "നിങ്ങൾ പാമ്പുകളെപോലെ ബുദ്ധിയുള്ളവരായിരിക്കണമെന്നു് ശ്രീയേശുക്രിസ്തു ശിഷ്യവർഗത്തെ ഉപദേശിച്ചതു്. പക്ഷേ എല്ലാരാഗവും സർപ്പവർഗത്തിനു് പ്രീതികരമാണെന്നോ എല്ലാരാഗങ്ങളിലും സർപ്പം ലയപ്പെടുമെന്നോ പറവാൻ നിവൃത്തിയില്ല. സർപ്പങ്ങൾക്കു് അത്യാനന്ദകരമായ ചില അപൂർവരാഗങ്ങളുണ്ടു്. അവയിൽ പ്രഥമസ്ഥാനം വഹിക്കുന്നതാണു് നാഗവരാളിരാഗം. വരാളിരാഗഗണത്തിൽ ശുദ്ധവരാളി, നാഗവരാളി, അഥവാ നാഗസ്വരവരാളി, പുന്നാഗവരാളി, പന്തുവരാളി, ശുഭപന്തുവരാളി, പ്രതാപവരാളി, എന്നിങ്ങനെ പലരാഗങ്ങളുണ്ടെങ്കിലും സർപ്പങ്ങളെ ആകർഷിച്ചു് ആർദ്രചേതസ്സുകളാക്കിത്തീർക്കുന്ന വിഷയത്തിൽ നാഗവരാളിരാഗത്തിനുള്ള ശക്തിവിശേഷം അത്യന്തം അൽഭുതകരമായിട്ടുള്ളതാണു്.



ഇടക്കാലരീതി അനുസരിച്ചു് അത്യധികംശില്പലതാവലയങ്ങൾചേർത്തു കമനീയമായമാംവണ്ണം പണികഴിപ്പിച്ചിട്ടുള്ള മാവേലിക്കര കൊച്ചുകൊട്ടാരത്തിൽവച്ചു് കൊല്ലവർഷം 1068-ൽ നടത്തപ്പെട്ട ഒരു സംഗീതവിദ്വൽസദസ്സിൽ ഒരു ഉഗ്രസർപ്പം ഇഴഞ്ഞണഞ്ഞു് സമാധിസ്ഥനായിത്തീർന്ന ഒരു യഥാർത്ഥകഥയാണു് ഇവിടെ പറവാൻ തുടങ്ങുന്നതു്. ഈ സംഗീതസദസ്സിൽ സംബന്ധിച്ചിരുന്നവരും ഈ സംഭവത്തിനു് ദൃക്സാക്ഷ്യം വഹിക്കുന്നവരുമായ ചിലയോഗ്യന്മാർ ഇക്കാലത്തും ജീവിച്ചിരിപ്പുണ്ടെന്നുള്ള വസ്തുതകൂടി ഇവിടെ തുടക്കത്തിൽ തന്നെ പ്രസ്താവിക്കുന്നതു് ഉചിതമായിരിക്കും.

സംഗീതകലാവല്ലഭനായ സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലശേഷം കേരളീയസംഗീത കലാലോകത്തിൽ സുദീർഘയശഃപ്രതിഷ്ഠാപനം ചെയ്ത ഗാന്ധർവമഹാഗായകനായിരുന്നു, മാവേലിക്കര രാജകുടുംബത്തിനു മകുടാലങ്കാരമായി പരിലസിച്ചിരുന്ന അതിപ്രസിദ്ധനായ കുഞ്ഞാരുരാജാ അവർകൾ. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ജ്യേഷ്ഠഭ്രാതാവും, അഭിനവബാഹടാചാര്യരെന്നു സുപ്രസിദ്ധനുമായ കാർത്തികപ്പള്ളി അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിലെ പുത്രനും, പഴയ ഭാഷാപോഷിണി പ്രവർത്തകക്കമ്മിററിയിലെ ഒരു പ്രമുഖാംഗവും, സാഹിത്യകാരനും, കവിയും ഗ്രന്ഥകർത്താവുമായിരുന്ന മാവേലിക്കര എം. ഉദയവർമ്മതമ്പുരാൻ ബി. ഏ. അവർകളുടെ മാതുലനായിരുന്നു കുഞ്ഞാരുരാജാ. അദ്ദേഹത്തോടൊപ്പം സൗന്ദര്യപ്രഭാവസമ്പന്നനും ഗംഭീരനുമായിരുന്നൊരു ശ്രേഷ്ഠപുരുഷൻ മാവേലിക്കര രാജകുടുംബത്തിൽ ഇതേവരെയ്ക്കുണ്ടായിട്ടില്ലെന്നു തന്നെ പറയാം. കേരളകാളിദാസനായ വലിയകോയിത്തമ്പുരാന്റെ പ്രിയതമയും വഞ്ചിരാജ്യരാജേശ്വരിയുമായിരുന്ന മഹാറാണി സേതുലക്ഷ്മീബായി തിരുമേനി, കുഞ്ഞാരു രാജാവിന്റെ ഭാഗിനേയിയായിരുന്നു.

സംഗീതവിഹാരം ഒഴിച്ചാൽ സ്വന്തം കുതിരയെ മിന്നൽവേഗത്തിൽ പറപ്പിക്കയെന്നുള്ളതു കുഞ്ഞാരു രാജാവിനു് അത്യന്തം പ്രിയംകരമായ ഒരു വിനോദമായിരുന്നു. സംഗീതകലാസ്വാദനത്തിനും കുതിരസ്സവാരിക്കുംവേണ്ടി അദ്ദേഹം ജീവിതകാലം മുഴുവൻ വ്യയംചെയ്തെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിസ്പർശമുണ്ടായിരിക്കയില്ല. സംഗീതകലയുടെ സർവതോമുഖലകളിലും പ്രത്യേകിച്ചു വീണാവാദനത്തിലും അദ്ദേഹം ഒന്നുപോലെ നിഷ്ണാതനായിരുന്നു. മനോരമാരമണനായ കണ്ടത്തിൽ വറുഗീസ് മാപ്പിളയാൽ പ്രോത്സാഹിതനായ മാവേലിക്കര മററം കൊച്ചുകുഞ്ഞുഭാഗവതർ കുഞ്ഞാരുരാജാവിന്റെ ശിഷ്യപ്രമുഖനായിരുന്നു. തഞ്ചാവൂർ മധുര തുടങ്ങിയ ദക്ഷിണേന്ത്യയിലെ പല പ്രധാന സ്ഥലങ്ങളിൽ നിന്നും പല പല സംഗീതകലാകോവിദന്മാർ കുഞ്ഞാരു രാജാവിന്റെ അതിഥികളായി താമസിച്ചുകൊണ്ടു സംഗീതസുധാപ്രളയത്തിൽ കുഞ്ഞാരുരാജാവോടൊരുമിച്ചു് ആറാടിരസിക്കയും അദ്ദേഹത്തിന്റെ അഭിനന്ദനങ്ങൾക്കും സമ്മാനദാനങ്ങൾക്കും അർഹരായിത്തിരിച്ചുപോകയും ചെയ്ക സാധാരണമായിരുന്നു

കുഞ്ഞാരുരാജാവോടൊപ്പമോ, പക്ഷേ അതിലും അല്പംകൂടി മികച്ച നിലയിലോ പ്രഖ്യാതനായ ഒരു സർവകലാവല്ലഭൻ കൂടി അക്കാലത്തു മാവേലിക്കര രാജകുടുംബത്തെ ധന്യമാക്കിയിരുന്നു. 1090-ാമാണ്ടായിരുന്നു അദ്ദേഹം കാലധർമ്മം പ്രാപിച്ചതു്. കൊച്ചുപിള്ളമാത്തിൽ ഉദയവർമ്മതമ്പുരാൻ എന്ന പേരിൽ പ്രസിദ്ധനായിരുന്ന ആ കലാകുബേരൻ, സംഗീതം, ചിത്രമെഴുത്തു്, പ്രതിമാനിർമ്മാണം, ദന്തശില്പം, സ്വർണ്ണപ്പണി, ആശാരിപ്പണി, വാർക്കപ്പണി, കൊല്ലപ്പണി, മൃദംഗനിർമ്മാണം, ഫിഡിൽ നിർമ്മാണം, വീണാനിർമ്മാണം, നാദസ്വരവായന, ഫിഡിൽ വായന, വീണവായന, തകിൽവായന, പുല്ലാംകുഴൽ വായന, ചെണ്ടകൊട്ടു്, നൃത്തം, ചെപ്പടിവിദ്യ, എന്നീ കലകളിലെല്ലാം ഒന്നുപോലെ പ്രാവീണ്യം സമ്പാദിച്ചിരുന്നു. കഥകളിയിൽ വേഷം കെട്ടുക എന്നതൊഴിച്ചു് ഇതരചടങ്ങുകളിലെല്ലാം തന്നെ അദ്ദേഹം സമർത്ഥനായിരുന്നു. ഈ കലാസമ്പന്നന്റെ ഏകപുത്രനത്രേ എന്റെ അഭിവന്ദ്യഗുരുദേവനായ ശ്രീ ചിത്രമെഴുത്തു പി. മുകുന്ദൻതമ്പി.

അക്കൊല്ലത്തെ വൃശ്ചികമണ്ഡലം ആഘോഷപൂർവം ആചരിക്കണമെന്നു കുഞ്ഞാരുതമ്പുരാൻ നിശ്ചയിച്ചു. തഞ്ചാവൂർനിന്നു് ആയിടയ്ക്കു തമ്പുരാന്റെ അതിഥിയായി കൊച്ചുകൊട്ടാരത്തിൽ എത്തി താമസിച്ചിരുന്ന സുന്ദരംശാസ്ത്രി എന്ന സുപ്രസിദ്ധ സംഗീതകലാചതുരന്റെവീണവായന രാജകുടുംബാംഗങ്ങൾക്കും പൊതുജനങ്ങൾക്കും വേണ്ടവിധം ആസ്വദിക്കുന്നതിനു് ഒരു അവസരം നൽകണമെന്നുകൂടി തമ്പുരാനു് ഉദ്ദേശമുണ്ടായിരുന്നു. രണ്ടുപേരുടെയും സംഗീതകലാവൈദഗ്ദ്ധ്യം പരസ്പരം പരീക്ഷിക്കുന്നതിനും അതു പററിയ ഒരു അവസരമാണല്ലോ. മണ്ഡലം കാലംകൂടുന്ന ദിവസം സ്ഥലത്തെ പ്രധാന സർക്കാർ ഉദ്യോഗസ്ഥന്മാർ കരപ്രധാനന്മാർ മററു ബഹുമാന്യന്മാർ തുടങ്ങിയ ഒരു വലിയ ജനസമൂഹം കൊച്ചുകൊട്ടാരത്തിന്റെ താഴത്തെ നിലയിൽ പടിഞ്ഞാറുവശത്തുള്ള അതിവിശാലമായ പൂമുഖത്തളത്തിൽ രത്നകംബളങ്ങളിലും പരവതാനികളിലുമായി ഇരിപ്പുപിടിച്ചു. തളത്തിന്റെ കിഴക്കേ ഭിത്തിയോടു ചേർത്തു കൃത്രിമമായി നിർമ്മിച്ചിരുന്ന ഒരു ഉപവനികയുടെ മദ്ധ്യത്തിലായി മുമ്പിൽ കത്തിജ്വലിക്കുന്ന വെള്ളിവിളക്കുകളേയും സ്വർണ്ണവർണ്ണം തിളങ്ങുന്ന നിലവിളക്കുകളേയും അഭിമുഖീകരിച്ചു നിലകൊള്ളുന്ന മൃഗഗണപരിസേവിതനായ ശബരിമല ശാസ്താവിഗ്രഹത്തിന്റെ സന്നിധിയിൽ തളത്തിന്റെ ഏതാണ്ടു് മദ്ധ്യഭാഗത്തായിരുന്നു ഗായകസംഘം സ്ഥാനം പിടിച്ചിരുന്നതു്. വിവിധവർണ്ണസങ്കീർണ്ണമായ സ്ഫടികത്തൊങ്ങലുകളോടുകൂടി മേൽത്തട്ടിൽ അങ്ങിങ്ങായി തൂങ്ങുന്ന മനോഹരമായ ശരറാന്തലുകളിൽ നിന്നു പുറപ്പെടുന്ന മധുരചന്ദ്രിക ആ രാജകീയ ഗായകസദസ്സിന്റെ പ്രഭാവത്തെ അനുനിമിഷം പ്രവൃദ്ധമാക്കിയിരുന്നു. കളഭക്കൂട്ടുകളുടെയും സുഗന്ധധൂപത്തിന്റെയും ലളിതപരിമളം പരിസരങ്ങളിൽ പരക്കെ പ്രസരിച്ചിരുന്നു. കുഞ്ഞാരുതമ്പുരാൻ തുംബുരു, സുന്ദരശാസ്ത്രി വീണ, അപ്പാത്തുരയ്യർ ഭാഗവതർ ഫിഡിൽ, ഉദയവർമ്മതമ്പുരാൻ മൃദംഗം എന്നിങ്ങനെയായിരുന്നു ഗായകസംഘത്തിന്റെ ക്രമീകരണം.

സംഗീതം ആരംഭിച്ചു കഴിഞ്ഞതോടെ കുഞ്ഞാരുതമ്പുരാൻ ത്യാഗരാജന്റെ ചില അപൂർവകീർത്തനങ്ങൾ ആലപിച്ചു തുടങ്ങി. ശാരീരഗുണംതികഞ്ഞ മധുരകണ്ഠത്തിൽ നിന്നു കോകിലനാദതുല്യമായി പുറപ്പെടുന്ന സ്വരമാധുര്യത്തോടും മധുരഗാംഭീര്യത്തിൽ നിന്നു മധുരലാളിത്യത്തിലേക്കും മധുരമന്ദ്രനിനദത്തിൽ നിന്നു മഹാഗംഭീരപ്രഭാവ...

(ശേഷം 10-ാംപേജിൽ)

...ാട്ടു വച്ചും, 15-ാമതു സമ്മേളനം 1118-ൽ പറവൂർ വച്ചും യഥായോഗ്യം കൊണ്ടാടി.

പരിഷത്തിന്റെ 16-ാമതു സമ്മേളനം എറണാകുളത്തുവെച്ചു നടത്തപ്പെട്ടു. പരിഷന്നിർവഹണസമിതിയുടെ നേരിട്ടുള്ള ചുമതലയിൽ ആദ്യമായി നടത്തിയ പരിഷൽസമ്മേളനവും ഇതുതന്നെയായിരുന്നു. ഇക്കാലം മുതൽക്കാണു് ഇന്നത്തെ സാഹിത്യപരിഷത്തിന്റെ പുരോഗതി ഉണ്ടായിട്ടുള്ളതു്.

1123-മുതൽ ത്രൈമാസികം ദ്വൈമാസികമാക്കി പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. മഹാകവി ഉള്ളൂർ അനാരോഗ്യപരമായ കാരണങ്ങളാൽ 1120-ൽ പ്രധാന പത്രാധിപസ്ഥാനത്തുനിന്നും, പിന്നീടു് അദ്ധ്യക്ഷസ്ഥാനത്തുനിന്നും രാജിവച്ചൊഴിഞ്ഞതിനാൽ പത്രാധിപരായി മഹാകവി ജി. ശങ്കരക്കുറുപ്പിനേയും, അദ്ധ്യക്ഷനായി ആസ്ഥാനകവി വള്ളത്തോളിനേയും നിർവഹണസമിതി യഥാകാലം തെരഞ്ഞെടുത്തു.

പരിഷന്നിർവഹണസമിതി എറണാകുളത്തുവെച്ചു നടത്തിയ സമ്മേളനത്തിനുശേഷം 17-ാമതുസമ്മേളനം 1120-ൽ ചങ്ങനാശേരിയിൽ വെച്ചും, 18-ാമതു സമ്മേളനം 1122-ൽ കോഴിക്കോട്ടുവെച്ചും, 19-ാമതു സമ്മേളനം 1123-ൽ കണ്ണൂർവെച്ചും, 20-ാമതുസമ്മേളനം 1124-ൽ നീലേശ്വരത്തുവെച്ചും, 21-ാംസമ്മേളനം പരിഷന്നിർവാഹകസമിതിയുടെ ആഭിമുഖ്യത്തിൽ 127-ൽ എറണാകുളത്തുവെച്ചും നടത്തുകയുണ്ടായി. പരിഷത്തിന്റെ പ്രസിദ്ധീകരണമായ ദ്വൈമാസികം കഴിഞ്ഞ വർഷംമുതൽ മാസികയായി തീർന്നിട്ടുള്ള വസ്തുതയും ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണു്.

...ംഗീത സദസ്സിൽ സമാധിപൂണ്ട സർപ്പശ്രേഷ്ഠൻ

(5—ാം പേജിൽ നിന്നു തുടർച്ച)

ഡംബരതയിലേക്കും പരസ്പരം പരിവർത്തനം ചെയ്തു പ്രവഹിക്കുന്ന ആരോഹണാവരോഹണങ്ങളോടു കൂടിയ ആ സംഗീതസുധാനിർഝരി സുന്ദരശാസ്ത്രികളെ കോൾമയിൽ പ്രളയത്തിൽ ആഴ്ത്തി. രാധവിസ്താരം കൊണ്ടുപിടിച്ചു. സദസ്യർ ആ സംഗീത മധുരിമയിൽ നിർന്നിമേഷരായി നിഷ്പന്ദതയിൽ ലയിച്ചു. തുടർന്നു സുന്ദരശാസ്ത്രികളുടെ വീണാവാദനവും ആരംഭിച്ചു. ശങ്കരാഭരണം, തോടി കാമോദരി, ആനന്ദഭൈരവി എന്നീ രാഗങ്ങൾ വളരെ പാണ്ഡിത്യത്തോടെ മനോധർമ്മവായ്പോടും കൂടി അദ്ദേഹം വായിച്ചു. സദസ്യർ ആനന്ദാതിശയവിഭ്രാന്തിയോടുകൂടി ശാസ്ത്രികളെ ബലേശബ്ദത്തിൽ അഭിനന്ദിച്ചു. ഗായകസംഘവും ശ്രോതാക്കളും അപ്പോഴേക്കു സ്വാത്മവിസ്മൃതരായിച്ചമഞ്ഞു. അതോടുകൂടി ശാസ്ത്രി നാഗവരാളി രാഗാലാപത്തിനായി മുതിർന്നു. രാഗമാധ്വീരസപ്രവാഹത്തിൽ ഓരോ തരംഗപരമ്പരകളിൽ ആ ജനസംഘത്തിന്റെ ഹൃദയമണ്ഡലം മുഴുവൻ ആന്ദോളനം ചെയ്‌വാൻ തുടങ്ങി. ഈ നിലയിൽ കുറെ കഴിഞ്ഞപ്പോഴേക്കു് ഗായകസംഘവും ശ്രോതാക്കളും ഒന്നാകെ ആനന്ദസുഷുപ്തിയിലമർന്നു. പ്രാപഞ്ചികവിമുക്തവും അനശ്വരപ്രമോദലഹരിയിൽ ആർദ്രനിലീനവുമായ ഒരു നവീന ലോകത്തിൽ ഓരോ ഹൃദയവും പരമശാന്തി നുകർന്നു നുകർന്നമർന്നു.

ഈ ഘട്ടത്തിൽ സുന്ദരശാസ്ത്രിയുടെ മടിയിൽ വീണത്തണ്ടിൻകീഴിലായി എന്തോ ഒരു അസാമാന്യഭാരം അമർന്നു നാഭിദേശത്തേക്കു ഊറിത്താഴുന്നതായി ശാസ്ത്രിക്കു തോന്നി. വീണാവാദനത്തിനിടയിൽ ശാസ്ത്രി ആ ഭാഗത്തേക്കു് അശ്രദ്ധമായിട്ടൊന്നു കുനിഞ്ഞു നോക്കി. മിഴിച്ചുപോയി ശാസ്ത്രികൾ. യമപാശത്തിന്റെ കരാളദ്യുതിപോലെ എന്തോ ഒരു മാരകവർണ്ണ വൈദ്യുതി അദ്ദേഹത്തിന്റെ കണ്ണുകളിലേക്കു പാഞ്ഞു. ഗംഭീരനായ ഒരു ഉഗ്രൻ കൃഷ്ണസർപ്പം അദ്ദേഹത്തിന്റെ മടിത്തടത്തിൽ തിറകൂടി തല താഴ്ത്തി കിടക്കുന്ന ആ ഒരു ഭയങ്കര കാഴ്ച അദ്ദേഹം ഒന്നേ ഒന്നു നോക്കിയുള്ളു. വീണാനാദം നിന്നുപോയാലുടൻ ആ ഭയങ്കരസർപ്പം തല ഉയർത്തി ചാടുമെന്നു് ബുദ്ധിമാനായ ശാസ്ത്രിക്കറിയാമായിരുന്നു. അതിനാൽ വീണാലാപത്തോടുകൂടിത്തന്നെ ശാസ്ത്രികൾ നാഗവരാളിരാഗത്തിൽത്തന്നെ കീർത്തനം ചെയ്തു തമ്പുരാനെ കഥ മനസ്സിലാക്കുവാൻ ശ്രമിച്ചു. ഓരോ നിമിഷം കഴിയുന്തോറും വീണത്തണ്ടിൽ അദ്ദേഹത്തിന്റെ അംഗുലീചലനം ദുർബ്ബലമായിച്ചമഞ്ഞു. സമീപത്തിരിക്കുന്ന കുഞ്ഞാരുരാജാവും ഉദയവർമ്മതമ്പുരാനും സംഭീതിയോടുകൂടി ശാസ്ത്രികളുടെ മടിയിലേക്കു സൂക്ഷിച്ചുനോക്കി. ആരുമറിയാതെ ആ ആൾക്കൂട്ടത്തിലൂടെ ആ ഭയങ്കരസർപ്പം ശാസ്ത്രികളുടെ മടിയിൽ ഏതുവിധം എത്തിക്കൂടിയെന്നു എല്ലാവരും ആശ്ചര്യപ്പെടുന്നതിനിടയിൽ

“നിർത്തരുതു്. നിർത്തരുതു്. നാഗവരാളിതന്നെ വായിച്ചോളൂ. ഭയപ്പെടരുതു്. മാർഗ്ഗമുണ്ടാക്കാം,, എന്നു് ഉദയവർമ്മതമ്പുരാൻ ശാസ്ത്രികൾ കേൾക്കെ മന്ദസ്വരത്തിൽ പറഞ്ഞു.

പക്ഷെ മടിത്തട്ടിൽ ഒരു മഹാസർപ്പത്തെ—ഒരു യമകിങ്കരനെ—മയക്കിയിട്ടുകൊണ്ടു് ജീവനിൽ കൊതിയുള്ള ഏതൊരു മനുഷ്യജീവിക്കു് എത്രസമയം സമാധാനമായി വർത്തിപ്പാൻ കഴിയും! സുന്ദരശാസ്ത്രികൾക്കു് ക്ഷീണവും ഭീതിയും വർദ്ധിച്ചു. ആ ഘോരസർപ്പത്തിന്റെ വിഷദംഷ്ട്രങ്ങൾ എപ്പോഴാണു് തന്റെ നേരെ ഉയരുന്നതെന്നുള്ള പരിഭ്രാന്തിയോടും എന്തെങ്കിലും ഒരു ഉപശാന്തി കണ്ടുപിടിക്കുന്നതുവരെ വല്ലപാടും ആ കൃഷ്ണസർപ്പത്തെ മടിത്തട്ടിൽത്തന്നെ നാഗവരാളിരാഗാലാപംകൊണ്ടു ലയിപ്പിച്ചിടുന്നതിനുള്ള അതിശ്രദ്ധയോടും കൂടി ജീവിതത്തിന്റെയും മരണത്തിന്റെയും വടംവലികൾക്കിടയിൽ ശാസ്ത്രി തന്റെ സർവശക്തിയുമുപയോഗിച്ചു് രാഗാലാപം തുടർന്നു. പക്ഷെ ശാസ്ത്രികളുടെ അന്തശ്ശക്തി ക്ഷയിച്ചു.. കൈവിരലുകൾ പതറുന്നതായി തോന്നി. ഇത്രയുമായപ്പോഴേക്കു് കർണ്ണാകർണ്ണികയാ കഥ സമീപസ്ഥലത്തു് പരക്കയായി. ജനങ്ങൾ അക്ഷമതയോടും ഭീതിയോടുംകൂടി എഴുന്നേല്പാൻ തുടങ്ങി. ആരും എഴുന്നേൽക്കരുതു് അന്യശബ്ദം കേട്ടുപോയെങ്കിൽ അപകടകരമാണു്. എല്ലാവരും ശാന്തമായിരിക്കണം. എന്നു് ഉദയവർമ്മ തമ്പുരാൻ ആംഗ്യംകൊണ്ടു് ജനങ്ങളെ സ്വസ്ഥാനത്തിരുത്തുവാൻ ശ്രമിച്ചു. തൽക്ഷണം അദ്ദേഹം തളത്തിന്റെ പിൻപിലുള്ള സന്ദർശനമുറിയിലൂടെ അകത്തേക്കു പ്രവേശിച്ചു് കുഞ്ഞാരുരാജാവിന്റെ ഭാര്യയോടു (കൊച്ചിക്കൽ മി പി. ബാലകൃഷ്ണൻതമ്പിയുടെ പിതാമഹി) വേഗം ഒരു പേനാക്കത്തിയും മൺകലവും എടുത്തുതരണമെന്നു് ആവശ്യപ്പെട്ടു. പാട്ടുകച്ചേരിക്കിടയിൽ കത്തിയും കലവും എന്തിനാണെന്നു് ആ സ്ത്രീരത്നം ജിജ്ഞാസപൂണ്ടുവെങ്കിലും തമ്പുരാന്റെ അക്ഷമതയും പരിഭ്രമവും തിടുക്കവും കണ്ടു് എന്തോ തക്ക കാര്യമുണ്ടെന്നു് കരുതി മറപ്പുരയിൽ നിന്നു് ഒരു കലവും മേശപ്പുറത്തുനിന്നു് ഭർത്താവിന്റെ പേനാക്കത്തിയും എടുത്തുകൊടുത്തു.

ശാസ്ത്രികളുടെ ശരീരം അപ്പോഴേയ്ക്കു് തളർന്നുവശായി. എന്തോ ഒരു പൂർവപരിചയംകൊണ്ടോ പ്രാണപ്രചോദനംകൊണ്ടോ എന്നു തോന്നിക്കുമാറു് അദ്ദേഹത്തിന്റെ കൈവിരലുകൾ വീണത്തണ്ടിൽ ഇഴയുകമാത്രമായിരുന്നു. ഈ നിലയിൽ ഒരു നാലഞ്ചു നിമിഷം കൂടി കഴിഞ്ഞാൽ ശാസ്ത്രികൾ വീണയിൽ നിന്നു് നിശ്ശേഷം പിടിവിടുമെന്നു് കുഞ്ഞാരുതമ്പുരാനു തോന്നി. അദ്ദേഹം ശാസ്ത്രികളെ സഹായിപ്പാനായി നാഗവരാളിരാഗത്തിൽ ഒരു കീർത്തനം ഗാനംചെയ്‌വാൻ തുടങ്ങി. സി. എം. എസ്. പ്രസിൽ അച്ചടിച്ചക്രിസ്തീയഗീതങ്ങൾ എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള “സേനയിൻ യഹോവയെ നീ വാനസേനയോടെഴുന്നള്ളേണമേ സാലേമിതിൽ—സീനയെന്ന മാമലയിൽ—എന്ന കീർത്തനം നാഗവരാളിരാഗത്തിൽ രചിച്ചിട്ടുള്ളതാണു്. K. M. V. അല്പനിമിഷത്തിനുള്ളിൽ സർപ്പത്തിന്നു് എന്തോ ഒരു ഭാവഭേദമുണ്ടായി. അതു ചലിച്ചു ചലനം തുടർന്നു.

“അയ്യോ! സ്വാമി, സർപ്പം ചലനം കൊണ്ടിരുക്കിറതു്. അവൻ ഇളകിവിട്ടാൻ. കാപ്പാറ്റ വഴിയെന്ന. സ്വാമിതന്നെ കാപ്പാറുങ്കോ,,

സുന്ദരശാസ്ത്രികൾ വേപഥുവേട്ടുകൂടി ഗൽഗദംബ്ദ. അമർത്തി സങ്കടപ്പെടുന്നതിനിടയിൽ ധീരനായ ഉദയവർമ്മ തമ്പുരാൻ കൈവശമുണ്ടായിരുന്ന പേനാക്കത്തി തിരിച്ചുപിടിച്ചു് അതിന്റെ മാടു്, ശാസ്ത്രികളുടെ പൃഷ്ഠഭാഗം നട്ടെല്ലിൽ മുട്ടിച്ചു് കീഴ്പോട്ടു താഴ്ത്തി അദ്ദേഹത്തിന്റെ പാളത്താറിന്റെ വിളുമ്പും പിൻകുത്തും അടിയോളം മുറിച്ചു് രണ്ടു തുമ്പുകളുംവീണയ്ക്കടിയിലൂടെ ഇരുവശത്തുകൂടി മുമ്പോട്ടു വലിച്ചു്, ഉടുമുണ്ടു്, ഉള്ളിൽ വളഞ്ഞു പുളഞ്ഞു ചീറുന്ന ആ ഘോരസർപ്പത്തോടുകൂടി ഒരു സഞ്ചിയുടെ മാതിരിയിൽ ഒന്നായി കൂട്ടിപ്പിടിച്ചു് തൂക്കിയെടുത്തു് കലത്തിലിട്ടു് വായു് മൂടിക്കെട്ടിയതും, സുന്ദരശാസ്ത്രികൾ രണ്ടു കൈകളും ഇരുവശത്തേക്കും നീട്ടി മലർത്തി ബോധരഹിതനായി പിന്നാക്കം മലർന്നടിച്ചു വീണതും ഒപ്പം കഴിഞ്ഞു. കുഞ്ഞാരുതമ്പുരാൻ തൽക്ഷണം തന്റെ കസവുകവണികൊണ്ടു ശാസ്ത്രികളുടെ നഗ്നത മറച്ചു.

കൊട്ടാരം ഡോക്ടർ, ശാസ്ത്രികളെ അപ്പോൾതന്നെ പരിശോധിച്ചു് അപകടശങ്കയ്ക്കു് അവകാശമില്ലെന്നു് അഭിപ്രായപ്പെട്ടു. അല്പസമയത്തെ ശീതോപചാരത്തിനു ശേഷം സുന്ദരശാസ്ത്രികൾ കണ്ണുതുറന്നു ചുറ്റും നോക്കി എല്ലാവർക്കും സമാധാനമായി.

കുഞ്ഞാരുതമ്പുരാൻ പറഞ്ഞു:— കാര്യം കുഴപ്പമായെന്നു കണ്ടപ്പോൾ ഗരുഡധ്വനി രാഗം ആലാപിച്ചു് പാമ്പിനെ ഓടിച്ചാൽ എന്താണെന്നു വിചാരിച്ചു. പക്ഷെ എനിക്കതിനു് ധൈര്യമുണ്ടായില്ല.

“ഗരുഡധ്വനിരാഗം ആലാപിത്തിരുന്താൽ, നാഗവരാളിയിലെ ലയിത്തുപോന സർപ്പം പയപ്പെട്ടു് മനിതർ നടുവിൽ പായത്തു് വിഴുന്തു് എന്ന വിധമാന എപ്പേർപ്പെട്ട ആപത്തുകളെ ഉണ്ടു പണ്ണുമായിരുന്തതു്. സ്വാമി അപ്പടി ചെയ്യാമൽ ഇരുന്തതു് എന്തവിധം പാർത്താലും നൻറായിറുക്കു്. കടവുളുടെ കടാക്ഷം താൻ മുഴുവതും,, സുന്ദരശാസ്ത്രികൾ മറുപടിപറഞ്ഞു.

മൂടിക്കെട്ടിവച്ചിരുന്ന ആ മൺകലം അപ്പോൾത്തന്നെ കൊച്ചുകൊട്ടാരത്തിന്റെ തെക്കുവശത്തായി കിടന്നിരുന്ന വൻകാട്ടിലേക്കു വലിച്ചെറിഞ്ഞു.

അവിടെ കൂടിയിരുന്ന സർവജനങ്ങളും സുന്ദരശാസ്ത്രികളുടെ വൈണികപ്രവീണതയെ മുക്തകണ്ഠം പ്രശംസിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

ഹാസ സാഹിത്യം

(പുത്തേഴത്തു രാമൻ മേനോൻ)

“താക്കറേ,, എന്ന ആംഗലേയസാഹിത്യപുംഗവൻ, ഹാസസാഹിത്യകാരനെക്കുറിച്ചു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. “ഹാസസാഹിത്യകാരൻ വായനക്കാരനെ ഉണർത്തുകയും, ഉൽബുദ്ധനാക്കുകയും ചെയ്തുകൊണ്ടു് അവന്റെ സ്നേഹം, അനുകമ്പ, കരുണ, അസത്യത്തോടും അഹങ്കാരാദികളോടും ഉള്ള അറപ്പു്, സാധുക്കളോടും, മർദ്ദിതരോടും, ഭാഗ്യഹീനരോടും ഉള്ള സഹാനുഭൂതി എന്നിവയെ അവനിൽ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. അയാൾ ജീവിതത്തിന്റെ എല്ലാ തുറകളിലും, എല്ലാ ഭാവങ്ങളേയും ഭാവനകളെയും, ആശകളേയും അനുഭവങ്ങളേയും, അയാൾക്കു് ആവുംവിധം സ്പർശിക്കുകയും, ഒരു പിതാവിന്റെ സ്നേഹത്തോടും, ഒരു പ്രവാചകന്റെ വിശ്വത്തോടും, ഒരു രസികാഗ്രേസരന്റെ സാരസ്യത്തോടും കൂടി അവയെക്കുറിച്ചു് പ്രസംഗിക്കുകയും (എഴുതുകയും) ചെയ്യുന്നു,,. അതു് ഹാസ്യസാഹിത്യത്തിന്റെ ഒരു വിവരണമാകുന്നില്ലെങ്കിലു, പൂർണ്ണമായ ഒരു വിവരണമുണ്ടാകുന്നതിനു വലിയ സഹായമായിത്തീരുന്നുണ്ടു്. നാം പതിവായി കണ്ടുകണ്ടു തഴമ്പിച്ചിട്ടുള്ള ആ കാഴ്ചകളെത്തന്നെ, ഹാസ്യകാരൻ, ഒരു പുതിയ ദൃഷ്ടിയിൽക്കൂടി കാണുന്നു വികാരതരളിതനാകുന്നു, അവയുടെ അന്തരാളത്തിലേക്കു ചുഴിഞ്ഞുനോക്കുന്നു. അടിയിൽകിടക്കുന്ന ധർമ്മബോധത്തിന്റെ വിടവുകളെ ദർശിക്കുന്നു. ഒരു “സഹിക്കവയ്യായ്ക,, അയാളെ ബാധിക്കുന്നു. അഹങ്കാരവിമൂഢാത്മാക്കളെ ഓർത്തു് അയാൾ വ്യസനിക്കുന്നു. എല്ലാം മൃഗതൃഷ്ണയെന്നറിഞ്ഞു്, അയാൾ സുസ്മേരവദനനാകുന്നു. വീർപ്പുകളുടെ പൊള്ളത്തരത്തെ വിളിച്ചുപറഞ്ഞുകൊണ്ടു് അയാൾ വിരമിക്കുന്നു. അയാളാണു് ഹാസസാഹിത്യകാരൻ, അതാണു് ഹാസസാഹിത്യം.

അകത്തേക്കു തുളച്ചു കയറുന്ന അന്തർദൃഷ്ടിയും, ജ്ഞാനദൃഷ്ടിയും, സ്നേഹസമ്പൂർണ്ണമായ ശുദ്ധഹൃദയവും, ആശയാവിഷ്കരണവിദഗ്ദ്ധമായ ഭാവനാശക്തിയും, സമീചീനമായ സാഹിത്യപ്രവണതയും തികഞ്ഞ ഒരു “ജീനിയസ്സ്,, ആകുന്നു യഥാർത്ഥനായ ഹാസസാഹിത്യകാരൻ. “ജീനിയസ്സ്,, എന്നുതന്നെ പറയണം. സാധാരണക്കാരനൊന്നു, അവൻ എത്ര വലിയ സാഹിത്യപണ്ഡിതനായിരുന്നാലും, മേല്പറഞ്ഞ ഗുണങ്ങളുള്ളവനായിരിക്കയില്ല. “കാർലൈയിൽ,,—ഹാസത്തിന്റെ അംശംപോലും സ്വന്തമായി അവകാശപ്പെടുവാൻ അർഹതയില്ലാതെപോയ പ്രസിദ്ധ സാഹിത്യനായകൻ പറഞ്ഞിരിക്കുന്നു. “ഹാസം,, മാനസികപ്രവണതയുടെയും പ്രബുദ്ധതയുടെയും പാരമ്യത്തെയാണു കാണിക്കുന്നതു്, എന്നു. നമുക്കതിനെ സൌകര്യത്തിനുവേണ്ടി “ജന്മവാസന,, എന്നു പറയുക. വാസനയും, പാണ്ഡിത്യവും തമ്മിലുള്ള വ്യത്യാസം, നമ്മുടെ നിത്യാനുഭവങ്ങളിൽപ്പെട്ടതാണല്ലോ. പഠിപ്പും സാമർത്ഥ്യവും ഏറിയ ക്രമം “അനുകരണാത്മക,,മാകുന്നു. എല്ലാ അനുകരണത്തിലും, “അസത്യസമ്പർക്കം,, കാണാവുന്നതാണു അതുകൊണ്ടു വാസനക്കാരന്റെ വാക്കൊക്കെ “സത്യ,,മാണെന്നു് അർത്ഥമില്ല. എന്നാൽ അവൻ ദർശിക്കുന്നതും, വിവരിക്കുന്നതും, മുഴുവനും, അവനെ സംബന്ധിച്ചെടത്തോളം തനി സത്യങ്ങളും, അന്യർക്കും സത്യമായിത്തന്നെ അനുഭവപ്പെടുവാൻ വിരോധമില്ലാത്തവയുമായിരിക്കും. അവന്റെ ചിത്രീകരണങ്ങൾ സജീവങ്ങളും, തന്നിമിത്തം നിസർഗ്ഗസുന്ദരങ്ങളുമായിരിക്കും.

പണ്ഡിതൻ, ഭാവഭാവനകളില്ലാത്തവൻ എന്നല്ലാ പറയുന്നതു്. പ്രശസ്തനായ ഗേഥേയുടെ അഭിപ്രായത്തിൽ ആ ഭാവഭാവനകൾതന്നെ രണ്ടുതരത്തിലാണു്. ക്രിയാത്മകവും ബോധാത്മകവും. രണ്ടാമതു പറഞ്ഞതു മിക്കവർക്കും ഏറക്കുറെ ഉള്ളതാകുന്നു. നാം ഇന്ദ്രിയാധീനങ്ങളായ വസ്തുക്കളെ അറിയുകയും മനസ്സിൽ രൂപവൽക്കരിക്കുകയും, അവയെ നമ്മുടെ അനുഭവങ്ങളായി അവതരിപ്പിക്കുകയും, ചെയ്യാറുണ്ടു്. എന്നാൽ ആ സ്ഥാനത്തു ക്രിയാത്മകമായ ഭാവഭാവനകളുള്ള ഒരു ജീനിയസ്സ് എന്തുചെയ്യുമെന്നല്ലേ? അയാൾ ആ ബാഹ്യവസ്തുക്കളെക്കൊണ്ടുതന്നെ അയാളുടെ ഭാവനകളെ വർണ്ണിച്ചിരിക്കും. അതായതു്, അയാൾ കാട്ടിത്തരുന്ന വസ്തുതന്നെ അയാൾക്കു പറയാനുള്ളതു സ്വയമേവ പറഞ്ഞവസാനിപ്പിക്കും..കവിയല്ലാതെ കാവ്യവിഷയം തന്നെ കവിത ചമയ്ക്കുന്നു. അവനാണു് അനുഗൃഹീതനായ കവി, കലാകാരൻ, സാഹിത്യനായകൻ, യഥാർത്ഥനായ “ജീനിയസ്സ്,, അവനെ ദൈവം സൃഷ്ടിച്ചതാണു്. അല്ലാതെ മനുഷ്യൻ പഠ,